# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**ജനനമരണ രജിസ്ട്രേഷൻ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3193** 13.03.17- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ജനനമരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15 പ്രകാരം തദ്ദേശ-സ്വയംഭരണ സ്ഥാപ-നങ്ങൾക്ക് തെറ്റുകൾ തിരുത്തുവാൻ അധികാര-മുണ്ടെങ്കിലും ഈ അധി-കാരം പല സ്ഥാപന-ങ്ങളും നിർവ്വഹിക്കുന്നി-ല്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ഈ വിഷയം സംബ-ന്ധിച്ച് ചീഫ് രജിസ്ട്രാ-ർക്ക് നിർ ദ്ദേശം നൽകു-മോ; വ്യക്തമായ രേഖക-ളുടെ അടിസ്ഥാനത്തിൽ ജനനമരണ സർട്ടിഫി-ക്കറ്റിൽ പഞ്ചായത്തു-കൾക്ക് തിരുത്തലുകൾ വരുത്തുവാൻ ആവശ്യ-മായ ഉത്തരവ് പുറപ്പെ-ടുവിക്കുമോ; | (ബി) | ജനന-മരണ രജിസ്ട്രേഷൻ നിയമം പ്രാബല്യത്തിൽ വന്ന 01-04-1970-ന ശേഷമുള്ള രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള തെറ്റുകൾ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ നിയമത്തിലെ 15-ാം വകുപ്പിലേയും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തിരുത്തുന്നതിനോ റദ്ദ് ചെയ്യുന്നതിനോ രജിസ്ട്രാർമാർക്ക് തന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണ്. 2012-ലെ സേവനാവകാശ നിയമത്തിൽ പറയുന്ന സമയപരിധി പാലിക്കേണ്ടതുമാണ്. 07-02-2015-ലെ ബി1-4356/15-ാം നമ്പർ സർക്കുലർ പ്രകാരം വിശദമായ നിർ ദ്ദേശം രജിസ്ട്രാർമാർക്ക് നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | നഗരസഭകളിലും കോർപ്പറേഷനുകളിലും ഇത്തരം തിരുത്തലുകൾ വരുത്തുന്നതിനുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ അപ്പീൽ അധികാരി ആരാണെന്നും അപ്പീൽ നൽകുന്ന സംവിധാനം എന്താണെന്നും വ്യക്തമാക്കുമോ? | (സി) | നഗരസഭകളിലും കോർപ്പറേഷനുകളിലും ജനന-മരണ രജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്തുന്നതിന് വിവരം നൽകിയ ആളുടെ/സ്ഥാപനത്തിൽ നിന്നുള്ള കത്ത് സഹിതം രജിസ്ട്രാർക്ക് അപേക്ഷ നൽ കേണ്ടതാണ്. അപേക്ഷയോടൊപ്പം തിരുത്തേണ്ട വിവരം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയുടെ പകർപ്പ്, സ്കൂൾ രേഖ, ലൈസൻസ്, പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും രേഖയുടെ പകർപ്പ് എന്നിവയും 2 വിശ്വസനീയ വ്യക്തികളിൽ നിന്നുള്ള ഡിക്ലറേഷനും സമർപ്പിക്കേണ്ടതാണ്. കൂടാതെ പേര്, വിലാസം ഇവയിലെ തിരുത്തലുകൾക്ക് വില്ലേജ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കണം. മേൽപ്പറഞ്ഞ രേഖകളുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ശരിയായ വസ്തുത രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് തിരുത്തൽ അനുവദിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്.<br>**<u>സേവനാവകാശ നിയമപ്രകാരം അപ്പീൽ അധികാരികൾ</u>**<br><br><u>കോർപ്പറേഷൻ</u><br>1-ാം അപ്പീൽ അധികാരി-ഹെൽത്ത് ആഫീസർ<br>2-ാം അപ്പീൽ അധികാരി-സെക്രട്ടറി<br><br><u>മുനിസിപ്പാലിറ്റി</u><br>1-ാം അപ്പീൽ അധികാരി- സെക്രട്ടറി<br>2-ാം അപ്പീൽ അധികാരി-RJD<br><br>തിരുത്തലിനായി അപേക്ഷ നൽകി 15 ദിവസത്തിനകം സേവനം ലഭിക്കാതിരിക്കുകയോ നിരസിക്കപ്പെടുകയോ ചെയ്താൽ 30 ദിവസത്തിനകം ഒന്നാം അപ്പലേറ്റ് അതോറിറ്റിക്കും പ്രസ്തുത അപ്പീൽ നിരസിക്കപ്പെടുന്നപക്ഷം 60 ദിവസത്തിനകം രണ്ടാം അപ്പലേറ്റ് അതോറിറ്റിക്കും അപ്പീൽ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ